**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നതവിഭ്യാഭ്യാസത്തിന് ധനസഹായത്തിനുള്ള പദ്ധതി എന്നാണ് നടപ്പാക്കിയിട്ടുള്ളത്; | (എ) | രജിസ്റ്റേഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 18/03/1989-തീയതിയിലെ സ.ഉ (കൈ)നം.12/1989/മ.ഇ.വ, 28/02/2011 തീയതിയിലെ സ.ഉ(കൈ)നം.21/2011/മ.ഇ.വ, 09.06.2014-ലെ സ.ഉ(എം.എസ്)നമ്പർ 47/14/മഇവ എന്നീ ഉത്തരവുകൾ പ്രകാരം മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നതവിഭ്യാഭ്യാസത്തിനുള്ള ധനസഹായവും നൽകി വരുന്നുണ്ട്. |
| (ബി) | എത്ര ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളത്; | (ബി) | 2014 മുതൽ നാളിതുവരെയായി 1,73,761 വിദ്യാർത്ഥികൾക്കാണ് ടി പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. |
| (സി) | പദ്ധതിയിൽ നൽകിവരുന്ന സഹായധനം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | പട്ടികജാതി വികസന വകുപ്പ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന രീതിയിലാണ് മത്സ്യതൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു നൽകുന്നത്. പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർധിപ്പിച്ചു നൽകുന്നതനുസരിച്ച് മത്സ്യതൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസ ആനുകൂല്യം വർധിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ